ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം,
27.02.2023.

നമ്പർ 17561/ലിബ് 1/2022/നി.സെ.(വാല്യം 6)

## KLIBF-ൽ പങ്കെടുത്ത പ്രസാധകർക്കുള്ള അറിയിപ്പ്

ആസാദി കാ അമൃത് മഹോത്സവിന്റെയും കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെയും ഭാഗമായി 2023 ജനവരി 9 മുതൽ 15 വരെ നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിച്ച 'കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം - 2023' ന്റെ ഭാഗമായി നിയമസഭാ സെക്രട്ടേറിയറ്റ് വിതരണം ചെയ്ത പുസ്തക കൂപ്പണുകൾ ഉപയോഗിച്ച്, പുസ്തകോത്സവ വേളയിൽ പുസ്തകങ്ങൾ വാങ്ങാൻ കഴിയാത്ത സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക്, ടി കൂപ്പണുകൾ ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള സമയപരിധി 2023 മാർച്ച് 5-ാം തീയതി വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ള വിവരം അറിയിക്കുന്നു.

ടി കാലാവധിക്കുള്ളിൽ പുസ്തക കൂപ്പണുകൾ ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങുന്ന വ്യക്തികൾ/സ്ഥാപനങ്ങൾക്ക് പുസ്തകോത്സവത്തിൽ നൽകിയ പ്രത്യേക നിരക്കിൽ പുസ്തകങ്ങൾ വിതരണം ചെയ്യേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന കൂപ്പണുകൾ അനുബന്ധമായി ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി 06.03.2023 തിങ്കളാഴ്ച വൈകുന്നേരം 05.00 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിന് കൈമാറേണ്ടതാണ്.

പി. ഹരി,
ജോയിന്റ് സെക്രട്ടറി,
സെക്രട്ടറിക്കുവേണ്ടി.
Mob: 8714815308

## പുസ്തക കൂപ്പണുകൾ നിയമസഭാ സെക്രട്ടേറിയറ്റിന് കൈമാറേണ്ടത് സംബന്ധിച്ച നിർദ്ദേശങ്ങൾ

1. കൂപ്പണുകളുടെ പുറകുവശത്ത് പ്രസാധകരുടെ സീൽ പതിക്കുക.
2. 100 ന്റെയും 250 ന്റെയും കൂപ്പണുകൾ വെവ്വേറെ കെട്ടുകളാക്കുക
3. കൂപ്പണുകളുടെ ക്രമ നമ്പർ, ആകെ മൂല്യം എന്നിവ രേഖപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കുക.
4. പുസ്തക കൂപ്പണുകൾ ഉപയോഗിച്ച് നടത്തിയ വിൽപനയുടെ ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കുക.
5. കൂപ്പണുകളുടെ ആകെ തുക, തുക കൈമാറേണ്ട ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു കത്ത് തയ്യാറാക്കി കൂപ്പണുകൾ, ലിസ്റ്റ്, ബില്ലുകളുടെ പകർപ്പ് എന്നിവയോടൊപ്പം 06.03.2023 വൈകുന്നേരം 05.00 മണിക്ക് മുമ്പായി ശ്രീ. പി. ഹരി, ജോയിന്റ് സെക്രട്ടറിയുടെ ഓഫീസിന് കൈമാറുക (നിയമസഭാ സമുച്ചയം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, റൂം. നം. 104)
6. ഇപ്രകാരം ലഭിക്കുന്ന കൂപ്പണുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിനു ശേഷം പ്രസാധകരുടെ അക്കൗണ്ടിലേയ്ക്ക് തുക മാറി നൽകുന്നതാണ്.

പി. ഹരി,
ജോയിന്റ് സെക്രട്ടറി.
Mob: 8714815308